# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 4/313/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/04/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ )
3)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 4/313/2022 തീയ്യതി: 06/04/2022

## മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 21-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സൈമൺ. കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അബ്ദുൽ ജലീൽ.ടി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
2.ശ്രീ.മുഹമ്മദ് സലീം.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീ.രാമകൃഷ്ണൻ.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീ.റഷീദ്.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

5.ശ്രീമതി.സുജാത.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.പി.സുഗതൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| കാര്യനിർവ്വഹണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.പുഷ്പവല്ലി.പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.രാജീവ്.സി | സെക്രട്ടറി | 01-04-2020 | 21-06-2020 |
| ശ്രീ.ജയരാജൻ.വി | സെക്രട്ടറി | 22-06-2020 | 15-07-2020 |
| ശ്രീ.രാജീവ്.സി | സെക്രട്ടറി | 16-07-2020 | 03-02-2021 |
| ശ്രീ.വിനോദ് പട്ടാളത്തിൽ | സെക്രട്ടറി | 04-02-2021 | 11-02-2021 |
| ശ്രീ.മുഹമ്മദ് മുഹസിൻ.കെ.പി | സെക്രട്ടറി | 12-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ചാച്ചി.പി.എ | മെഡിക്കൽ ഓഫീസർ(സി.എച്ച.സി) | 01-04-2020 | 02-02-2021 |
| ഡോ.ലാൽ പരമേശ്വർ | മെഡിക്കൽ ഓഫീസർ(സി.എച്ച.സി) | 03-02-2021 | 31-03-2021 |
| ശ്രീ.നിസാറുദ്ദീൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 29-10-2020 |
| ശ്രീ.ഉസ്മാൻ.പി.ടി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 30-10-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ മജീദ്.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ഷിഹാബുൾ അക്ബർ.സി.ടി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സേതുമാധവൻ.കെ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 06-08-2020 |
| ശ്രീ.മുഹമ്മദാലി.പി | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 07-08-2020 | 31-03-2021 |
| ശ്രീമതി.നീതു കൃഷ്ണൻ | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.അനീഷ് ജോസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 25-02-2021 |
| ശ്രീമതി.അബിത.കെ.ആർ | പട്ടികജാതി വികസന ഓഫീസർ | 26-02-2021 | 31-03-2021 |
| ശ്രീ.ബെന്നി സെബാസ്റ്റ്യൻ | കൃഷി അസി.ഡയറക്ടർ | 01-04-2020 | 12-04-2020 |
| ശ്രീമതി.എമി പോൾ | കൃഷി അസി.ഡയറക്ടർ | 13-04-2020 | 06-06-2020 |
| ശ്രീമതി.രജനി.എം.കെ | കൃഷി അസി.ഡയറക്ടർ | 07-06-2020 | 23-11-2020 |
| ശ്രീമതി.ഷക്കീല.പി | കൃഷി അസി.ഡയറക്ടർ | 24-11-2020 | 01-03-2021 |
| ശ്രീമതി.എമി പോൾ | കൃഷി അസി.ഡയറക്ടർ | 02-03-2021 | 31-03-2021 |
| ശ്രീമതി.അർച്ചന.വി.എസ് | സി.ഡി.പി.ഒ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 02-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-01-2022) | 1-6 |
| 7 | ക്ഷേമപദ്ധതി<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Sujatha M (Auditor, On 31-01-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 02-04-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-01-2022) | 1-11 |
| 12 | ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം<br>Written By: Ramakrishnan.T (Senior Grade Auditor, On 31-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-01-2022) | 1-11-1 |
| 13 | വരവുകൾ ഫ്രണ്ട് ഓഫീസ്/ ഇന്ററപ്റ്റഡ് രശീതി മുഖേന സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നില്ല.<br>Written By: Sujatha M (Auditor, On 31-01-2022)<br>Last Updated By: Sujatha M (Auditor, On 31-01-2022) | 1-12 |
| 14 | ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Sujatha M (Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-13 |
| 15 | അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല<br>Written By: Sujatha M (Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-14 |
| 16 | പദ്ധതി നിർവ്വഹണത്തിലെ - അപാകതകൾ | 1-15 |

| | | |
|---|---|---|
| | Written By: Sujatha M (Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | |
| 17 | മരുന്നുകൾ/ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Sujatha M (Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-16 |
| 18 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം - അപേക്ഷകളും അനുബന്ധരേഖകളും ലഭ്യമാക്കിയിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 1-17 |
| 19 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-18 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-19 |
| 21 | തുറസായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ - പൂർത്തീകരിച്ചിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-20 |
| 22 | സ്പീച്ച് തെറാപ്പിക്ക് ഉപകരണങ്ങൾ/ഫർണിച്ചർ വാങ്ങൽ - ലാപ്ടോപ്പ്, പ്രിന്റർ എന്നിവ ലഭ്യമായിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-21 |
| 23 | പശുക്കളെ വാങ്ങി നൽകൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-22 |
| 24 | അതുല്യം പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-23 |
| 25 | അതുല്യം പദ്ധതി - കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-24 |
| 26 | വരക്കോട് പുള്ളിപ്പാടം ജലസേചനപദ്ധതി പൂർത്തീകരിച്ചില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 1-25 |
| 27 | തെറ്റായ മൂല്യ നിർണ്ണയം നടത്തി പണം നൽകി.<br>Written By: Muhammed Saleem T (Asst. Audit Officer, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-26 |
| 28 | നികുതിനൽകുന്നതിന് വകയിരുത്തിയ പണം കുറവാക്കാതെ കൺവീനർക്ക് നൽകി.<br>Written By: Muhammed Saleem T (Asst. Audit Officer, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-27 |
| 29 | പരസ്യ ചാർജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-28 |
| 30 | പി എം എ വൈ ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-29 |
| 31 | സംസാര കേൾവി ചികിത്സാ കേന്ദ്രം ഉൽഘാടനം - അധിക തുക ചെലവഴിച്ചു.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 1-30 |
| 32 | ശാന്തിഗ്രാമം പാലം - തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ramakrishnan.T (Senior Grade Auditor, On 01-02-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: Simon K (Senior Deputy Director, On 03-03-2022) | |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | നികുതിനൽകുന്നതിന് വകയിരുത്തിയ പണം കുറവാക്കാതെ കൺവീനർക്ക് നൽകി.<br>Written By: Muhammed Saleem T (Asst. Audit Officer, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 3-1 |
| 2 | തെറ്റായ മൂല്യ നിർണ്ണയം നടത്തി പണം നൽകി.<br>Written By: Muhammed Saleem T (Asst. Audit Officer, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 3-2 |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Sujatha M (Auditor, On 30-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Simon K (Senior Deputy Director, On 03-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Sujatha M (Auditor, On 30-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Sujatha M (Auditor, On 30-01-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Sujatha M (Auditor, On 30-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Sujatha M (Auditor, On 30-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Sujatha M (Auditor, On 30-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Sujatha M (Auditor, On 30-01-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Sujatha M (Auditor, On 30-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Sujatha M (Auditor, On 30-01-2022)<br>Last Updated By: Simon K (Senior Deputy Director, On 14-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 23.03.2020 | ഇല്ല. |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 17.06.2021 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,42,86,138 |
| വരവ് | 9,23,97,124 |
| ആകെ | 10,66,83,262 |
| ചെലവ് | 10,08,24,967 |
| നീക്കിയിരിപ്പ് | 58,58,295 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 4,97,16,634 | 4,97,16,634 | 4,97,16,634 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,12,43,733 | 1,12,43,733 | 1,05,35,309 | 7,08,424 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 62,22,000 | 62,22,000 | 53,19,997 | 9,02,003 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 86,59,520 | 86,59,520 | 86,36,668 | 22,852 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 93,40,000 | 93,40,000 | 71,50,185 | 21,89,815 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(റ്റൈഡ്) | 0 | 93,40,000 | 93,40,000 | 31,09,889 | 62,30,111 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 12,88.37,380 | 118 | 8,45,38,682 | 0 | 22 | 84.28 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതി

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.01.2022 ന് 10.15 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.12.2021 മുതൽ 19.01.2022 വരെ | 2019-20 മുതൽ 2020-2021വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.01.2017 മുതൽ 24.01.2017 വരെ | 2016 -2017 | 10.02.2017 |

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)കൈമാറി കിട്ടിയസ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി മെയിന്റനൻസ് ഫണ്ട് (റോഡിതരം) വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകളാണ് തയ്യാറാക്കേണ്ടത് എന്ന് സ.ഉ (കൈ)നം. 11/2018/തസ്വഭവ തീ. 29.01.2018 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയത് പാലിക്കപ്പെടുന്നില്ല. ഉദാ. കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്റ്റ് നം. 15/21)എന്ന പദ്ധതി പ്രകാരം ഏഴ് ഡെസ്ക് ടോപ്പ് വാങ്ങി മുഴുവൻ ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗിക്കുന്നു.

2)കേരള ഫിനാൻഷ്യൽ കോഡ് വാല്യം। ആർട്ടിക്ക്ൾ 150 പ്രകാരം I)അസംസ്കൃത വസ്തുകൾക്കും ,വിലകുറഞ്ഞ സ്റ്റോറുകൾക്കും Ii)ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും Iii)പുസ്തകങ്ങൾ,ഫോറങ്ങൾ ,സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല.

ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ,ആയതും പാലിക്കപ്പെടുന്നില്ല.

3)ജി ഒ (എം എസ് ) നം. 129/2011/ തസ്വഭവ തീ.06.07.2011 പ്രകാരം 2011 ഏപ്രിൽ 1 മുതൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയതാണ്.

എന്നാൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിൽ വൗച്ചറുകളുടെ സൂക്ഷിപ്പ് നിലവിലും ചെക്ക് ഇഷ്യൂരജിസ്റ്റർ ക്രമത്തിലാണ്. വൗച്ചറുകൾ സാംഖ്യാ പേമെന്റ് വൗച്ചറുകളുടെ ക്രമത്തിൽ സൂക്ഷിക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ 2011 പ്രകാരം പ്രതിദിനം കാഷ്ബുക്ക് സമ്മറി ,ഡേബുക്ക്,ബാങ്ക് ബുക്ക് എന്നിവ ദിനംപ്രതി ക്ലോസ് ചെയ്യേണ്ടതും അക്കൗണ്ടന്റ് ,സെക്രട്ടറി എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ് എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല.

4)പേഴ്സണൽ രജിസ്റ്റർ പരിശോധിച്ചതിൽ (രണ്ട് സെക്ഷനുകൾ ഒഴികെ) മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല.പേഴ്സണൽ രജിസ്റ്ററിൽ തപാലുകൾ തീർപ്പാക്കിയത് രേഖപ്പെടുത്തുന്നില്ല.പേഴ്സണൽ രജിസ്റ്റർ മാസാന്ത്യ ത്രൈമാസ പരിശോധന നടത്തുന്നില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

5)1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം, ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയേതര ചെലവുകൾ എന്നാൽ കണ്ടിജന്റ് ചെലവുകൾ,അസാധാരണ ചെലവുകൾ ,ആവർത്തന സ്വഭാവമുള്ള സേവന -ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ (ഉദാ. തെരുവു വിളക്കുകൾ,പൊതു കുടിവെള്ളവിതരണം,ശുചീകരണം മുതലായവ.),അടിയന്തിര പ്രവൃത്തികൾക്ക് വേണ്ടിയുള്ള ചെലവുകൾ എന്നിവയാണ്. അല്ലാത്തവ പദ്ധതി ചെലവുകളുടെ നിർവ്വചനത്തിൽ വരുന്നവയും പ്രോജക്റ്റ് തയ്യാറാക്കി മാത്രം തുക ചെലവഴിക്കേണ്ടതുമാണ്.എന്നാൽ അപ്രകാരമല്ലാതെ യഥേഷ്ടം ചെലവുകൾ നടത്തുന്നു. ഉദാ.മാലിന്യ മുക്തചാലിയാർ പദ്ധതിയുടെ ഡി പി ആറിൽ ഉൾപ്പെടുത്തി അനുമതി വാങ്ങി നടപ്പിലാക്കിയ മുണ്ട കമ്മ്യൂണിറ്റി ടോയ്‌ലറ്റ് നിർമ്മാണം 40,000 രൂപ,വഴിക്കടവ് കമ്മ്യൂണിറ്റി ടോയ്‌ലറ്റ്

നിർമ്മാണം 2,50,000 രൂപ ,ഐ എസ് ഒ സർട്ടിഫിക്കേഷൻ ചെലവുകൾക്ക് ജനറൽപർപ്പസ് ഫണ്ടിൽ നിന്നും പ്രോജക്റ്റിന്റെ ഭാഗമായല്ലാതെ തുക ചെലവഴിച്ചത് (ഒരു ലക്ഷത്തിലേറെ തുക പല തവണയായി ചെലവഴിച്ചിട്ടുണ്ട്.)

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

നിലമ്പൂർ ബ്ലോക്കപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)പ്രത്യേക എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 4 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3)ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 7 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4)അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 18 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5)രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ രശീത് ആന്റ് പേമെന്റ്സ് സ്റ്റേറ്റുമെന്റ് ൽ RP-5 ൽ രേഖപ്പെടുത്തിയ വരവിനങ്ങളുടെ ആധികാരത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6)രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ രശീത് ആന്റ് പേമെന്റ്സ് സ്റ്റേറ്റുമെന്റ് ൽRP-4 ൽ Reimbursement Of Other Expenses Incurred ഇനത്തിൽ 1,65,200 രൂപ വരവുണ്ടെങ്കിലും ആയതിന്റെ ആധികാരത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ 2011 പ്രകാരം പ്രതിദിനം കാഷ്ബുക്ക് സമ്മറി ,ഡേബുക്ക്,ബാങ്ക് ബുക്ക് എന്നിവ ദിനംപ്രതി ക്ലോസ് ചെയ്യേണ്ടതും അക്കൗണ്ടന്റ് ,സെക്രട്ടറി എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം .15/2020-21/31.01.22)

## 1-11-1 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം

ഗ്രാന്റ് വിനിയോഗസാക്ഷ്യപത്രം പരിശോധിച്ചു. അപാകതയില്ല.

## 1-12 വരവുകൾ ഫ്രണ്ട് ഓഫീസ്/ ഇന്റർപ്പറ്റഡ് രശീതി മുഖേന സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നില്ല.

ഫ്രണ്ട് ഓഫീസ് നെറ്റ് കണക്ഷൻ തകരാറിലാകുമ്പോൾ മാനവൽ രസീതി മുഖേന പിരിച്ചെടുക്കുന്ന തുകൾ ഫ്രണ്ടോഫീസ് ലോഗിൻ വഴി [ഇന്ററപ്റ്റഡ് രസീതി മുഖേന] സാംഖ്യയിൽ ഉൾപ്പെടുത്തേണ്ടതും, ആയത് ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ അടവാക്കേണ്ടതുമാണ് [കോൺടാ നൽകി]. എന്നാൽ താഴെപ്പറയുന്ന മാനുവൽ രസീതികൾ മുഖേന പിരിച്ചെടുത്ത തുകൾ ഫ്രണ്ട് ഓഫീസ് ലോഗിൻ വഴി [ഇൻററപ്റ്റഡ് രസീതി മുഖേന] സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്ര.ന | ബുക്ക്/ രസീതി നമ്പർ/ തിയ്യതി | തുക |
|---|---|---|
| 1 | 47/56/07.07.2020 | 5000 |
| 2 | 47/57/21.07.2020 | 4575 |
| 3 | 47/58/21.07.2020 | 8767 |
| 4 | 47/59/14.08.2020 | 5000 |
| 5 | 47/60/04.09.2020 | 1180 |
| 6 | 47/61/04.09.2020 | 1180 |
| 7 | 47/62/18.11.2020 | 2000 |
| 8 | 47/63/19.11.2020 | 1000 |
| 9 | 47/64/19.11.2020 | 2000 |
| 10 | 47/65/19.11.2020 | 2000 |
| 11 | 47/66/19.11.2020 | 2000 |

| | | |
|---|---|---|
| 12 | 47/67/19.11.2020 | 2000 |
| 13 | 47/68/19.11.2020 | 2000 |
| 14 | 47/69/19.11.2020 | 2000 |

ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി പിരിച്ചെടുക്കുന്ന മുഴുവൻ തുകയും [സെക്രട്ടറി സ്റ്റാറ്റസിൽ] സാംഖ്യ മുഖേന അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം 7/20-21/ 29.01.2022 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-13 ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

സ്ഥാപനം (സി.എച്ച്.സി ചുങ്കത്തറ) ഹാജരാക്കിയ ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ ടെണ്ടർഫോമുകളിൽ ( 15 എണ്ണം) മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ചുങ്കത്തറ) നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് 28.10.2020 മുതൽ 09.12.2021 കാലയളവിൽ 15 സ്ഥാപനങ്ങൾക്ക് ഇഷ്യു ചെയ്തതായി കാണുന്നു.

1). ആയതിൽ 9 ടെണ്ടർഫോമുകളുടെ വില രശീതി ബുക്ക് 917ലെ 1മുതൽ 9 വരെയുള്ള രശീതികൾ ഉപയോഗിച്ച് പിരിച്ചെടുത്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| രശീതി | തുക |
|---|---|
| 917/1 തി.28.10.2020 | 3390 (ടെണ്ടർഫോം വില – 3000 GST + Cess – 390 ) |
| 917/2 തി.30.10.2020 | 452 (ടെണ്ടർഫോം വില – 400 GST + Cess – 52) |
| 917/3 തി.30.10.2020 | 452 (ടെണ്ടർഫോം വില - 400 GST + Cess – 52) |
| 917/4 തി.30.10.2020 | 3390 (ടെണ്ടർഫോം വില - 3000 GST + Cess – 390 ) |
| 917/5 തി.30.10.2020 | 3390 (ടെണ്ടർഫോം വില - 3000 GST + Cess – 390 ) |
| 917/6 തി.18.02.2021 (ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല) | 904 (ടെണ്ടർഫോം വില - 800 GST + Cess – 104 ) |
| 917/7 തി.26.02.2021 (ഒറിജിനൽ രശീതിയാണ് കക്ഷിക്ക് നൽകിയത്) | 904 (ടെണ്ടർഫോം വില - 800 GST + Cess – 104 ) |
| 917/8 തി.26.02.2021 (ഒറിജിനൽ രശീതിയാണ് കക്ഷിക്ക് നൽകിയത്) | 904 (ടെണ്ടർഫോം വില - 800 GST + Cess – 104 ) |
| 917/9 തി.02.12.2021 (ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല) | 448 (ടെണ്ടർഫോം വില - 400 GST – 48 ) |
| ആകെ | 14234 (ടെണ്ടർഫോം വില - 12600 GST + Cess – 1634) |

ടെണ്ടർ ഫീ ഇനത്തിൽ മേൽ രശീതികൾ പ്രകാരം പിരിച്ചെടുത്ത തുക ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

2). ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 5 KVA UPS , Lab Equipments എന്നിവയുടെ ടെണ്ടറുമായി ബന്ധപ്പെട്ട് 6 ടെണ്ടർഫോമുകൾ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്കാണ് ഇഷ്യൂ ചെയ്തിട്ടുള്ളത്.

| ഇഷ്യൂ ചെയ്ത | സ്ഥാപനം , ഐറ്റം | ഇഷ്യൂ ചെയ്ത ടെണ്ടർ |
|---|---|---|

| | | |
|---|---|---|
| തിയ്യതി | | ഫോം |
| 06.12.2021 | ജെ.ബി പവർ ഇലക്ട്രോണിക്സ്, കോഴിക്കോട്<br>(5 KVA UPS ) | 1 |
| 06.12.2021 | ബിസാരെ പവർ സൊല്യൂഷൻസ്, മലാപറമ്പ, കോഴിക്കോട്<br>(5 KVA UPS ) | 1 |
| 07.12.2021 | കൈകോൺ ഇന്ത്യ ലിമിറ്റഡ് ദീപം, കോഴിക്കോട്<br>(5 KVA UPS ) | 1 |
| 08.12.2021 | സെൻസ്റ്റർ പവർ സൊല്യൂഷൻസ് കോഴിക്കോട്<br>(5 KVA UPS ) | 1 |
| 08.12.2021 | എ.ആർ ലാബ് സിസ്റ്റംസ് കോഴിക്കോട്<br>(Lab Equipments) | 1 |
| 09.12.2021 | അനോൺ സിസ്റ്റംസ് & സർവ്വീസസ് കോഴിക്കോട്<br>(5 KVA UPS ) | 1 |

മേൽ സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ഫോറം ഫീ ഈടാക്കിയ രശീതികളും, പിരിച്ചെടുത്ത തുക ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയ രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം 2/20-21/ 28.01.2022 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-14 അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല

2011 ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 19, ഉപചട്ടങ്ങൾ പ്രകാരം വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്കുശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഇത് ഒരു ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് | ചെക്ക് നമ്പർ / തിയ്യതി | അക്കൌണ്ട് ചെയ്യേണ്ട തിയ്യതി | അക്കൌണ്ടിൽ നിന്നും പണം പിൻവലിച്ച തിയതി. | അക്കൌണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|
| Union Bank- TSC 33990200009713 | 060105/07.07.2020 | 07.07.2020 | 13.07.2020 | 17.07.2020 |
| | 060107/07.07.2020 | 07.07.2020 | 14.07.2020 | 17.07.2020 |
| | 060108/07.07.2020 | 07.07.2020 | | 17.07.2020 |
| | 060109/23.09.2020 | 23.09.2020 | | 28.09.2020 |
| SMGB-SGSY Infrastructure | 019203/23.04.2020 | 23.04.2020 | | 06.05.2020 |
| | 019204/11.05.2020 | 11.05.2020 | | 15.05.2020 |
| | 019205/17.06.2020 | 17.06.2020 | 18.06.2020 | 19.06.2020 |
| | 019206/25.06.2020 | 25.06.2020 | 26.06.2020 | 25.06.2020 |
| | 019207/02.07.2020 | 02.07.2020 | 02.07.2020 | 03.07.2020 |
| | 019210/27.08.2020 | 27.08.2020 | 27.08.2020 | 03.09.2020 |
| | 019211/04.09.2020 | 04.09.2020 | | 07.09.2020 |

Union Bank- TSC (A/C - 33990200009713) ന്റെ 2020 ജൂലൈ മാസത്തിലേയും , SMGB-SGSY Infrastructure (40199100112385) ന്റെ 2020 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലേയും ബാങ്ക് സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയത്. മുകളിൽ പരാമർശിച്ച അക്കൗണ്ടുകളുടെ 2020-21 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കേണ്ടതും ചെലവുകൾ യഥാസമയം അക്കൌണ്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.5/20-21/29.01.2022 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-15 പദ്ധതി നിർവ്വഹണത്തിലെ - അപാകതകൾ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമ പഞ്ചായത്തിലെ കർഷകർക്കായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | പദ്ധതി ചെലവ് | ഗ്രാമ പഞ്ചായത്ത | തുക |
|---|---|---|---|
| നം.117/21 : പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി<br>അടങ്കൽ- 510000/-<br>വികസന ഫണ്ട് - ജനറൽ | 510000/- | മൂത്തേടം | 170000 |
| | | ചുങ്കത്തറ | 85000 |
| | | വഴിക്കടവ് | 255000 |
| | ആകെ | | 510000/- |
| നം. 118/21 : നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി<br>അടങ്കൽ- 657900/-<br>വികസന ഫണ്ട് - ജനറൽ | 657900/- | എടക്കര | 136000 |
| | | ചുങ്കത്തറ | 521900 |
| | ആകെ | | 657900/- |
| നം. 148/21 : സുഭിക്ഷ കേരളം<br>അടങ്കൽ-<br>1470000/- വികസന ഫണ്ട് - ജനറൽ<br>2944700/- മറ്റ് ഗ്രാമ പഞ്ചായത്തുകൾ<br>6363252/- ഗുണഭോക്തൃ വിഹിതം സ്വയം വഹിക്കുന്നത് | 1463839/-<br>വികസന ഫണ്ട് - ജനറൽ | ചുങ്കത്തറ | 427000/- |
| | | മൂത്തേടം | 213500/- |
| | | വഴിക്കടവ് | 164645/- |
| | | എടക്കര | 152500/- |
| | | ചാലിയാർ | 506194/- |
| | | ആകെ | 1463839/- |

ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പ്രൊജക്ട് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2) പദ്ധതി ഇടപാടുകൾ TR 7A കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3) പദ്ധതികൾ പ്രകാരം പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും, തുക കൈപ്പറ്റിയതിന്റെ സാംഖ്യ രസീതി ലഭ്യമാക്കിയിട്ടില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(1) (എ), (ബി) എന്നിവ പ്രകാരം ബാങ്ക് അക്കൗണ്ടിലേക്ക് ലഭിച്ചതടക്കവും, നിർവഹണ ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ചതടക്കവും എല്ലാ പണം വരവുകൾക്കും ഇൻസ്ട്രമെന്റ് ഏതെന്ന് രേഖപ്പെടുത്തി വീഴ്ച കൂടാതെ രസീതി നൽകേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ വെള്ളക്കടലാസിലെഴുതിയ കൈപ്പറ്റ് ശീട്ടുകൾ ഫയലിലുണ്ടെങ്കിലും അവ സാധുതയുള്ളതല്ല. ധനകാര്യ പത്രികയിൽ ഇത്തരം തുകകൾ വരവു വച്ചതിന് പ്രസ്തുത സ്ഥാപനങ്ങൾ നല്കിയ സാംഖ്യയിൽ നിന്നുള്ള രശീതി ഹാജരാക്കേണ്ടതാണ്.

4) പ്രൊജക്ട് റിപ്പോർട്ട് പ്രകാരം തുക ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതായിട്ടല്ല, നേരിട്ടുള്ള നിർവഹണമാണ് . പ്രൊജക്ട് റിപ്പോർട്ടിനു വിരുദ്ധമായി ചെലവഴിച്ചതിന് വിശദീകരണം ഫയലിലില്ല.

5) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

6) സുഭിക്ഷ കേരളം 148/21 പദ്ധതിക്കായി 1470000/- (വികസന ഫണ്ട് - ജനറൽ) കൂടാതെ 2944700/- (മറ്റ് ഗ്രാമ പഞ്ചായത്തുകൾ), 6363252/-( ഗുണഭോക്തൃ വിഹിതം സ്വയം വഹിക്കുന്നത്) എന്നിങ്ങനെ തുക വകയിരുത്തിയിരുന്നെങ്കിലും ആയവയുടെ ചെലവ് വിവരം ലഭ്യമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് .

(ഓഡിറ്റ് എൻക്വയറി നം 14/20-21/ 31.01.2022 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-16 മരുന്നുകൾ/ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ, CHC ചുങ്കത്തറ മുഖേന 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത

പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ/ ഉപകരണങ്ങൾ വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ ന് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പദ്ധതിയുടെ പേര് | ചെലവ് | നൽകിയ തുക (KMSCL) | | മരുന്നുകൾ/ ഉപകരണങ്ങൾ ലഭിച്ചത് | അവശേഷിക്കുന്നത് |
|---|---|---|---|---|---|---|
| | | | Bill No | തുക | | |
| 1 | ചുങ്കത്തറ CHC -ക്ക് മരുന്ന് വാങ്ങൽ [40/2021] | 8,00,000/- Non Road | 9/2020-21/ 24.09.2020 | 8,00,000/- | 5,81,088/- | 2,18,912/- |
| 2 | CHC ചുങ്കത്തറ ഡയാലിസിസ് കേന്ദ്രത്തിലേക്ക് മരുന്ന്, കൺസ്യൂമബിൾ വാങ്ങൽ [ 41/2021] | 2149971/- Non Road | 8/2020-21/ 08.09.2020 | 999971/- | 957374/- | 42597/- |
| | | | 20/2020-21/ 24.03.2021 | 1150000/- | 1033145/- | 116855/- |
| 3 | ചുങ്കത്തറ CHC -ക്ക് മരുന്ന് വാങ്ങൽ [188/2021] | 500000/- Non Road | 21/2020-21/ 24.03.2021 | 500000/- | 145176/- | 354824/- |
| 4 | ചുങ്കത്തറ CHC -ക്ക് ഉപകരണങ്ങൾ വാങ്ങൽ [172/2021] കോവിഡ് | 1000000/- Non Road | 22/2020-21/ 24.03.2021 | 797842/- | 549341/- | 248501/- |
| 5 | സെക്കന്ററി പരിരക്ഷ [46/2021] | 978881/- വികസന ഫണ്ട് | 12/2020-21/ 10.10.2020 | 672551/- | 389273/- | 283278/- |
| ആകെ | | | | | | 1264967/- |

മരുന്നുകൾ/ ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം 6/20-21/ 29.01.2022 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-17 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം - അപേക്ഷകളും അനുബന്ധരേഖകളും ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 55/21 |
| അടങ്കൽ തുക | 5,00,000/- (ടി.എസ്.പി) |
| വിനിയോഗിച്ച തുക (വികസന ഫണ്ട് - ടി.എസ്.പി) | 1,20,000/- രൂപ. |
| ബിൽ നമ്പർ / തിയ്യതി | 20150763021500432415 തിയ്യതി. 17.08.2020 – 20,000/- രൂപ. |
| | 20150763021500641366 തിയ്യതി. 20.10.2020 – 15,000/- രൂപ. |
| | 20150763021500819835 തിയ്യതി. 11.12.2020 – 50,000/- രൂപ. |

| | |
|---|---|
| | 20150763021501186872 തിയ്യതി. 04.03.2021 – 15,000/- രൂപ. |
| | 20150763021501276682 തിയ്യതി. 17.03.2021 – 20,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം എന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 7 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന രണ്ട് വിദ്യാർത്ഥികളുടെ അപേക്ഷയും, ജാതി സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം, വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൌണ്ട് വിവരങ്ങൾ മുതലായ അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ബിൽ നമ്പർ/തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | ദീപ.യു, ഊർക്കര ഹൌസ്, കണയംകൈ കോളനി. | 20150763021500432415 / 17.08.2020 | 20,000/- |
| 2 | സുരേഷ് ബാബു.വി.കെ, കാഞ്ഞിരാല ഹൌസ്, പുല്ലുണ്ടി | 20150763021500641366 / 20.10.2020 | 15,000/- |

അപേക്ഷകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 04(2020-21)/29.01.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-18 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 57/21 |
| അടങ്കൽ തുക | 3,60,000/- (ടി.എസ്.പി) |
| വിനിയോഗിച്ച തുക (വികസന ഫണ്ട് - ടി.എസ്.പി) | 3,20,000 രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 4 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താവ് ഓഡിറ്റ് തീയതി വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ബിൽ നമ്പർ/തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | കുമാരി.അഞ്ജു.സി, D/o.മഞ്ജുള, ചെറുക്കാട് ഹൌസ്, എരുമമുണ്ട. | 20150763021500017166 / 11.04.2020 | 50,000/- |
| | | 20150763021500260683 / 16.06.2020 | 60,000/- |
| | | 20150763021500904504 / 07.01.2021 | 50,000/- |

നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 03(2020-21)/29.01.2022 – മറുപടി ലഭ്യമായിട്ടില്ല.)

## 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 100/21 |
| അടങ്കൽ തുക | 9,00,000 (എസ്.സി.പി) |
| ചെലവഴിച്ച തുക (വികസന ഫണ്ട് - എസ്.സി.പി) | 20,75,000 രൂപ. |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിച്ച താഴെ പറയുന്ന ഗുണഭോകാതാക്കൾ ഓഡിറ്റ് തിയ്യതി വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ | പേര്, മേൽവിലാസം | അനുവദിക്കാവുന്ന | അനുവദിച്ച തുക |
|---|---|---|---|

| നമ്പർ | | തുക | ബിൽ നമ്പർ / തിയ്യതി | തുക |
|---|---|---|---|---|
| 1 | ശാരദ, കോട്ട ഹൗസ്, പാലേമാട്, എടക്കര | 2,00,000 | 20150763021401028895/ 03.02.2021 | 50,000 |
| | | | 20150763021401425380/ 29.03.2021 | 75,000 |
| 2 | സുനിത, മുണ്ടക്കോടൻ ഹൗസ്, പാലേമാട്, എടക്കര | 2,00,000 | 20150763021401028895/ 03.02.2021 | 50,000 |
| | | | 20150763021401425380/ 29.03.2021 | 75,000 |
| 3 | അയ്യപ്പൻ, പൂക്കോടൻ ഹൗസ്, ചീനിക്കുന്ന്, മൂത്തേടം. | 2,00,000 | 20150763021401028895/ 03.02.2021 | 50,000 |
| 4 | സുബ്രഹ്മണ്യൻ.കെ, കരുനാടൻ ഹൗസ്, കുറ്റിക്കാട്, മൂത്തേടം | 2,00,000 | 20150763021401028895/ 03.02.2021 | 50,000 |

ഈ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ :8(2020-21)/29.01.2022 – മറുപടി ലഭ്യമായിട്ടില്ല.)

## 1-20 തുറസായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ - പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 116/21 |
| അടങ്കൽ തുക & ചെലവഴിച്ച തുക (വികസന ഫണ്ട് - എസ്.സി.പി) | 3,01,290 രൂപ. |

തുറസായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ എന്ന പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിച്ച താഴെ പറയുന്ന ഗുണഭോകാതാക്കൾ ഓഡിറ്റ് തിയ്യതി വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര്, മേൽവിലാസം | എസ്റ്റിമേറ്റ് പ്രകാരം അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | |
|---|---|---|---|---|
| | | | ബിൽ നമ്പർ / തിയ്യതി | തുക |
| 1 | സുരേഷ്.പി, പൈങ്കുളം ഹൗസ്, വള്ളിക്കാട്, വഴിക്കടവ് | 1,36,000 | 20150763021401028902/ 03.02.2021 | 68,000 |
| 2 | മുണ്ടി, തോണ്ടോടൻ ഹൗസ്, പലയക്കോട് | 42,440 | 20150763021401431245/ 10.04.2020 | 21,220 |

ഈ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 9(2020-21)/29.01.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 സ്പീച്ച് തെറാപ്പിക്ക് ഉപകരണങ്ങൾ/ഫർണിച്ചർ വാങ്ങൽ - ലാപ്ടോപ്പ്, പ്രിന്റർ എന്നിവ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 159/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ |
| അടങ്കൽ തുക | 5,00,000/-രൂപ. (പ്ലാൻ ജനറൽ) |
| ചെലവഴിച്ച തുക | 4,41,709/- രൂപ |
| ബിൽ നമ്പർ / തീയതി (വികസന | 20150763021100424134 തീ.13.08.2020 – 33,169/-രൂപ. |

| | |
|---|---|
| ഫണ്ട് - ജനറൽ) | 2015076302110064 2252 തീ.20.10.2020 – 13,610/-രൂപ.<br>20150763021101418336 തീ.29.03.2021 – 20,018/-രൂപ.<br>20150763021101423226 തീ.29.03.2021 – 50,661/-രൂപ.<br>20150763021100424134 തീ.13.08.2020 – 48,101/-രൂപ.<br>20150763021100905253 തീ.07.01.2021 – 2,76,150/- രൂപ. |

സ്പീച്ച് തെറാപ്പിക്ക് ഉപകരണങ്ങൾ/ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതി പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ അതുല്യം പദ്ധതി പ്രകാരം പൂർത്തീകരിച്ച സ്പീച്ച് തെറാപ്പി സെന്ററിലേക്ക് ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ 4,41,709/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). ബിൽ നമ്പർ.20150763021100424134 തീ.13.08.2020 പ്രകാരം 48,101/- രൂപ ലാപ്ടോപ്പ് വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയിസ് നമ്പർ.TVM/ITBG/PI/RC/22479/20-21 Dt.27.02.2021 പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ ലാപ്ടോപ്പ് ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടില്ല.

2). ബിൽ നമ്പർ.20150763021101418336 തീ.29.03.2021 പ്രകാരം 20,018/- രൂപ പ്രിന്റർ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയിസ് നമ്പർ.TVM/ITBG/PI/RC/25341/20-21 Dt.20.03.2021 പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രിന്റർ ലഭ്യമായിട്ടില്ല.

ലാപ്ടോപ്പും പ്രിന്ററും ലഭ്യമാക്കി അറിയിക്കുന്നത് വരെ ചെലവ് തുകയായ 68,119/-രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 10(2020-21)/31.01.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-22 പശുക്കളെ വാങ്ങി നൽകൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ | 86/21 | 158/21 (സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | പശുക്കളെ വാങ്ങി നൽകൽ | പശുക്കളെ വാങ്ങി നൽകൽ (വനിത) |
| അടങ്കൽ തുക | | 26,26,220/-രൂപ. |
| ചെലവഴിച്ച തുക (വികസന ഫണ്ട് - ജനറൽ) | 21,45,000 രൂപ. | 9,62,500 രൂപ. |
| ബിൽ നമ്പർ / തീയതി | 20150763020901391577 / 27.03.2021 | 20150763020900012666 / 11.04.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ. | |

പശുക്കളെ വാങ്ങി നൽകൽ എന്ന ഈ പദ്ധതി പ്രകാരം താഴെ പറയുന്ന ഗ്രൂപ്പുകൾക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ഗ്രൂപ്പിന്റെ പേര് | ഗ്രൂപ്പിലെ അംഗങ്ങളുടെ എണ്ണം. | പ്രൊജക്റ്റ് നമ്പർ | അനുവദിച്ച സബ്സിഡി തുക. |
|---|---|---|---|---|
| 1 | ആരതി ക്ഷീരസംഘം, എടക്കര | 8 | 86/21 | 2,20,000/- |
| 2 | ഒരുമ ജെ.എൽ.ജി, ചീത്ത്കല്ല്, പോത്തുകല്ല്. | 5 | 86/21 | 1,37,500/- |
| 3 | ഏയ്ഞ്ചൽ ജെ.എൽ.ജി, പോത്തുകല്ല് | 5 | 86/21 | 1,37,500/- |
| 4 | കുളിർമ ക്ഷീര കർഷക | 5 | 86/21 | 1,37,500/- |

| | | | | |
|---|---|---|---|---|
| | സംഘം, ഉപ്പട | | | |
| 5 | പൂക്കോട്ടുമണ്ണ ജെ.എൽ.ജി, ചുങ്കത്തറ | 5 | 86/21 | 1,37,500/- |
| 6 | ചീത്ത്കല്ല് ജെ.എൽ.ജി, ചുങ്കത്തറ | 5 | 86/21 | 1,37,500/- |
| 7 | ഗോമതി ക്ഷീരസംഘം, പാലേമാട് | 5 | 86/21 | 1,37,500/- |
| 8 | സ്നേഹ ക്ഷീരസംഘം, കരുനെച്ചി | 5 | 86/21 | 1,37,500/- |
| 9 | ചൈതന്യ ക്ഷീരസംഘം, എടക്കര | 8 | 86/21 | 2,20,000/- |
| 10 | അർച്ചന ക്ഷീരസംഘം, തെയ്യത്തുംപാടം | 5 | 86/21 | 1,37,500/- |
| 11 | ഒരുമ എൻ.എച്ച്.ജി, പാതാർ | 5 | 86/21 | 1,37,500/- |
| 12 | ജ്വാല എൻ.എച്ച്.ജി, പോത്തുകല്ല് | 5 | 86/21 | 1,37,500/- |
| 13 | അഞ്ചന അയൽക്കൂട്ടം, മുണ്ടക്കൈ | 5 | 86/21 | 1,37,500/- |
| 14 | നൻമ ക്ഷീര കർഷക സംഘം, ഉണിച്ചന്തം | 7 | 86/21 | 1,92,500/- |
| 15 | നന്മ 1 ക്ഷീര കർഷക സംഘം, മേക്കൊരവ | 5 | 158/21 | 1,37,500/- |
| 16 | ഒരുമ ഗ്രൂപ്പ് ക്ഷീര കർഷക സംഘം, മലച്ചി, ഉപ്പട | 5 | 158/21 | 1,37,500/- |
| 17 | അനുഗ്രഹ ഗ്രൂപ്പ് ക്ഷീര കർഷക സംഘം, കുന്നുമ്മൽപൊട്ടി | 5 | 158/21 | 1,37,500/- |
| 18 | കുളിർമ ക്ഷീര കർഷക സംഘം, ഉപ്പട | 5 | 158/21 | 1,37,500/- |
| 19 | ദയ ക്ഷീര കർഷക സംഘം, ഉപ്പട | 5 | 158/21 | 1,37,500/- |
| 20 | കൃപ ഗ്രൂപ്പ്, മൊടപ്പൊയ്ക | 5 | 158/21 | 1,37,500/- |
| 21 | നന്മ 2 ക്ഷീര കർഷക സംഘം, മരുത | 5 | 158/21 | 1,37,500/- |

ഗ്രൂപ്പുകളിലെ അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരു അംഗത്തിന് 27,500/- രൂപ നിരക്കിൽ കണക്കാക്കി ഗ്രൂപ്പിന്റെ പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും പേരിലുള്ള സംയുക്ത അക്കൗണ്ടിലേക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. എന്നാൽ വാങ്ങുന്ന പശുക്കളെ അതാത് അംഗങ്ങൾ പരിപാലിക്കുകയാണ് ചെയ്യുന്നത്.

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14.02.2018) ഖണ്ഡിക6.2.1 പ്രകാരം കറവയുള്ള പശു / കറവയുള്ള എരുമ എന്നിവ വാങ്ങുന്നതിനുള്ള പ്രൊജക്റ്റ് നടപ്പിലാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളോ നഗരഭരണ സ്ഥാപനങ്ങളോ ആണ്. ബ്ലോക്ക് പഞ്ചായത്തിന് ഈ പദ്ധതി നിർവ്വഹണം നടത്തുന്നതിന് അനുമതി ഇല്ല.

2). സബ്സിഡി മാർഗരേഖ പ്രകാരം, പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേരുൾപ്പെടുന്നതും ഒരു ജനപ്രതിനിധി ചെയർമാനായും നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറുമായുള്ള സമിതിയായിരിക്കണം വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ ഇപ്രകാരമുള്ള മാനദണ്ഡം പാലിച്ചിട്ടില്ല.

3). മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ :11(2020-21)/31.01.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-23 അതുല്യം പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 67/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ |
| അടങ്കൽ തുക | 3,60,183 രൂപ (പ്ലാൻ ജനറൽ) |
| ചെലവഴിച്ച തുക | 3,46,403/- രൂപ |
| ബിൽ നമ്പർ / തീയതി (വികസന ഫണ്ട് - ജനറൽ) | 20150763021100303476 തീ.29.06.2020 – 60,000/-രൂപ.<br>20150763021100625888 തീ.15.10.2020 – 60,000/-രൂപ.<br>20150763021100423274 തീ.13.08.2020 – 60,000/-രൂപ.<br>20150763021100916375 തീ.08.01.2021 – 90,000/-രൂപ.<br>20150763021101131152 തീ.23.02.2021 – 30,000/-രൂപ.<br>20150763021101418338 തീ.29.03.2021 – 46,403/- രൂപ. |

ബ്ലോക്ക് പഞ്ചായത്തിന്റെ അതുല്യം പദ്ധതി പ്രകാരം ചുങ്കത്തറ സി.എച്ച്.സി യിൽ പ്രവർത്തിക്കുന്ന സ്പീച്ച് തെറാപ്പി സെന്ററിലെ സ്പീച്ച് തെറാപ്പിസ്റ്റിന് ഹോണറേറിയം നൽകുന്നതിനാണ് പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14.02.2018) ഖണ്ഡിക 7.1.10പ്രകാരം, അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും കുട്ടികളിൽ സംസാരവൈകല്യം ഉൾപ്പെടെ മറ്റ് വ്യത്യസ്ത വൈകല്യമുള്ളവരെ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സ നൽകുന്നതിനായി ഗ്രാമ/നഗരഭരണ സ്ഥാപന തലത്തിൽ സ്പീച്ച്, ബിഹേവിയർ, ഒക്കുപ്പേഷൻ തെറാപ്പി നൽകാൻ കഴിയുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനും സ്പെഷ്യലിസ്റ്റിന് ഒരു സിറ്റിംഗിന് 1,000/- രൂപ നിരക്കിൽ രണ്ട് സിറ്റിംഗ് വീതമെങ്കിലും നൽകത്തക്കവണ്ണം തുക വകയിരുത്തി പ്രോജക്ട് വയ്ക്കുന്നതിനും യോഗ്യതയുള്ള തെറാപ്പിസ്റ്റിനെ നിയോഗിച്ച് സെന്ററുകൾ തടസ്സമില്ലാതെ നടത്തുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 24.02.2020 ലെ 1/2 നമ്പർ തീരുമാന പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 27.02.2020 ലെ ഡി.4462/2017 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി.റോഫിന ബബിൻ.പി എന്നവരെ മാസഹോണറേറിയം വ്യവസ്ഥയിൽ സ്പീച്ച് തെറാപ്പിസ്റ്റായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് ഈ പദ്ധതി പ്രകാരം മാസം 30,000/- രൂപ നിരക്കിൽ ഹോണറേറിയം നൽകുകയാണ് ചെയ്തിട്ടുള്ളത്. ഈ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). പദ്ധതി ലക്ഷ്യമിട്ടിരുന്ന ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള സർക്കാർ കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണി, ശാരീരിര മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകൽ എന്നിവയ്ക്ക് വേണ്ടി ഈ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടില്ല.

2). സെക്രട്ടറിയുടെ നിയമന ഉത്തരവിൽ ഹോണറേറിയം എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല. 30,000/- രൂപ ഹോണറേറിയം നിശ്ചയിച്ചത് എപ്രകാരമാണെന്ന് വ്യക്തമല്ല.

അപാകതകൾക്ക് മതിയായ വിശദീകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 346403 തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 12(2020-21) / 31.01.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-24 അതുല്യം പദ്ധതി - കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 91/21 (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ |
| ചെലവഴിച്ച തുക & അടങ്കൽ തുക | 17,44,843/- രൂപ- പ്ലാൻ ജനറൽ |
| ബിൽ നമ്പർ / തീയതി (വികസന ഫണ്ട് - ജനറൽ) | 20150763021100173595 തീ.11.04.2020 – 13,42,367/-രൂപ. |

| | |
|---|---|
| | 20150763021100010167 തീ.11.04.2020 – 3,49,843/-രൂപ. |
| | 20150763021100010168 തീ.11.04.2020 – 52,633/-രൂപ. |

അതുല്യം (ഭിന്നശേഷിക്കാർക്കുള്ള ഉപകരണം വാങ്ങൽ മുച്ചക്രവാഹനമുൾപ്പെടെ) എന്ന പദ്ധതി പ്രകാരം സ്പീച്ച് തെറാപ്പി സെന്ററിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ ബിൽ നമ്പർ.20150763021100010168 തീ.11.04.2020പ്രകാരം 52,633/- രൂപ പ്രൊഫോർമ ഇൻവോയിസ് നമ്പർ.TVM/ITBG/PI/RC/11771/19-20 Dt.25.11.2019 പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല.

കമ്പ്യൂട്ടർ ലഭ്യമാവുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 13(2020-21) / 31.01.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-25 വരക്കോട് പുള്ളിപ്പാടം ജലസേചനപദ്ധതി പൂർത്തീകരിച്ചില്ല.

വരക്കോട് പുള്ളിപ്പാടം ജലസേചനപദ്ധതി എന്ന പ്രൊജക്റ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/ പേര് | 88/21, , (107/19)<br>വരക്കോട് പുള്ളിപ്പാടം ജലസേചനപദ്ധതി |
| അടങ്കൽ | 2000000 രൂപ, |
| കരാറുകാരൻ | ഉബൈദുള്ള |
| കരാർ | 1/18-19 തിയ്യതി 11.4.2018 |
| കരാർ തുക | 780024 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി | 10.10.2018 |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 3.10.2019 |
| ആകെ പ്രവൃത്തി മൂല്യം | 656805 |
| ബിൽ നമ്പർ 945357/17.12.2018 | 463618 |
| ബിൽ നമ്പർ 351158/16.7.20 | 193187 |

1. പ്രവൃത്തി അടങ്കൽ 2000000 രൂപയിൽ 1800000 രൂപ ജനറൽ വിഭാഗം വികസനഫണ്ടും 200000 രൂപ സ്ഥാപനത്തിൽ അടക്കേണ്ട ഗുണഭോക്തൃ വിഹിതവുമാണ്. ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടച്ചതിന്റെ രേഖ ലഭ്യമാക്കേണ്ടതാണ്.

2. ലംസം തുക 8.7 ലക്ഷം രൂപ വകയിരുത്തിയ 55 HP മോട്ടോർ സ്ഥാപിക്കൽ, 148672 രൂപ ഇലക്ട്രിഫിക്കേഷൻ എന്നിവ അടക്കം ആകെ 1800000 രൂപയുടെ എസ്റ്റിമേറ്റിൽ 781328 രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തുകക്കുള്ള പ്രവൃത്തികളാണ് കരാറുകാരൻ ടെണ്ടർ ചെയ്തെടുത്ത്. ഈ പ്രവൃത്തി 10.10.2018 ന പൂർത്തീകരിക്കേണ്ടതായിരുന്നു എങ്കിലും 3.10.2019 ന മാത്രമാണ് പൂർത്തീകരിച്ചത്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിനു സമയം ദീർഘിപ്പിച്ച് നൽകാൻ കരാറുകാരൻ നൽകിയ അപേക്ഷയിൽ പൈപ്പ് ലൈൻ പ്രവൃത്തി മറ്റൊരു വർക്കിലെ കരാറുകാരൻ ചെയ്യേണ്ടതാണെന്ന് ധരിച്ചതിനാലാണ് പ്രവൃത്തി സമയത്ത് പൂർത്തീകരിക്കാൻ കഴിയാത്തത് എന്നാണ് കാരണം പറഞ്ഞത്. അപേക്ഷയുടെ അടിസ്ഥാനത്തിൽ 15.10.2019 വരെ ഒറ്റത്തവണയായി സമയം ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ശുപാർശയുണ്ട്. എന്നാൽ സമയം ദീർഘിപ്പിച്ച് നൽകിയതായി കാണുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ സമയം ദീർഘിപ്പിച്ച് നൽകുന്നത് ക്രമപ്രകാരവുമല്ല. കരാർ വ്യവസ്ഥ 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങൾ ഉണ്ടായാൽ പരമാവധി 20 % വരെ സമയം മാത്രം കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പരമാവധി അനുവദിക്കാവുന്ന 20 % പരിഗണിച്ചാൽ തന്നെ 16.11.2018 വരെ മാത്രമേ സമയം ദീർഘിപ്പിച്ച് നൽകാനാവൂ.

കരാറിലെ വ്യവസ്ഥ 7 പ്രകാരം കുറവ് ചെയ്യേണ്ട ഫൈൻ ആദ്യ 3 മാസം അധിക കാലാവധിക്ക് 1 ശതമാനം നിരക്കിലും തുടർന്ന് വരുന്ന ഓരോ 3 മാസ അധിക കാലാവധിക്ക് 2 ശതമാനം നിരക്കിലും ആണ്. അത് പ്രകാരം 17.11.2018 മുതൽ 3.10.2018 വരെ ഈടാക്കേണ്ട ഫൈൻ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| ഈടാക്കേണ്ട പിഴ | |

| | |
|---|---|
| ആദ്യ 3 മാസം അധിക കാലാവധി 17.11.2018 മുതൽ 16.2.2019 വരെ ഈടാക്കേണ്ട പിഴ 1% X 780024 | 7800.24 |
| 17.2.2019 മുതൽ 16.8.2019 വരെ ഈടാക്കേണ്ട പിഴ 2 X 2% X 780024 | 31200.96 |
| 17.8.2019 മുതൽ 3.10.2019 വരെ ഈടാക്കേണ്ട പിഴ 2% X 780024 X 48/90 | 8320.25 |
| ആകെ | 47321.45 le. 47321 രൂപ |

കരാറുകാരൻ ഒപ്പ് വെച്ച കരാറിലെ വ്യവസ്ഥകൾ പാലിച്ച് ഫൈൻ ഈടാക്കേണ്ടതാണ്.

3. ഈ പ്രൊജക്റ്റിൽ ലംസം തുക വകയിരുത്തിയ 50 എച്പി മോട്ടോർ സ്ഥാപിക്കൽ എന്ന ഇനത്തിന്റെ വിശദമായ എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തിയ 150/20 നമ്പർ വരക്കോട് പുള്ളിപ്പാടം ജലസേചനപദ്ധതി പ്രൊജക്റ്റിൽ 30 എച്പി മോട്ടോർ സ്ഥാപിക്കൽ ഉൾപ്പെടെ 5 ഇനം വർക്കുകൾ ഉൽപ്പെട്ടിരുന്നെങ്കിലും പ്രവൃത്തി കരാറെടുത്ത മുജീബ് റഹ്‌മാൻ 110 എംഎം പിവിസി പൈപ്പ് സ്ഥാപിക്കൽ മാത്രമാണ് ചെയ്തു കാണുന്നത്. അയതിന്റെ തുക റിട്ടെൻഷൻ 8732 രൂപ കഴിച്ച് (2.5 %) 30.3.2020 ന തന്നെ ബിൽ നമ്പർ 652108/30.3.2020 പ്രകാരം നൽകി. പ്രവൃത്തി പൂർത്തീകരണ /തുടർ നടപടി വിവരം ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

4. പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ലാത്ത 100 KWA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് പ്രൊജക്റ്റ് അടങ്കലിൽനിന്ന് 484827 രൂപ KSEB ക്ക് ബിൽ നമ്പർ 74305/13.12020 പ്രകാരം നൽകിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

11.4.2018 ന കരാർ വെച്ച് നിർമ്മാണം ആരംഭിച്ച ഈ പ്രൊജക്റ്റ് ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. പ്രൊജക്റ്റ് പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 22/31.1.2022(2020-21) ന മറുപടി ലഭ്യമായിട്ടില്ല.

## 1-26 തെറ്റായ മൂല്യ നിർണ്ണയം നടത്തി പണം നൽകി.

നിലമ്പൂർ ബ്ലോക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ കോടാലിപ്പൊയിൽ എസ്‌സി കോളനി കുടിവെള്ള പദ്ധതി ഓഡിറ്റ് ടീം, അസിസ്റ്റന്റ് എഞ്ചിനിയറുടെ സാന്നിധ്യത്തിൽ പരിശോധന നടത്തിയപ്പോൾ എസ്റ്റിമേറ്റ്, അളവ് പുസ്തകം എന്നിവയിലെ അളവുകളിൽനിന്ന് താഴെ പറയുന്ന വ്യത്യാസങ്ങൾ സൈറ്റിൽ കണ്ടു.

1. എസ്റ്റിമേറ്റിലെ ഇനം 2-1 3 X 3 X 1.6 മീറ്റർ അളവുകളിലുള്ള കരിങ്കൽകെട്ട് (ആകെ 14.4 ഘനമീറ്റർ) പൊളിച്ച് അടുക്കലാണ്. അളവ്പുസ്തകം 43/19-20 പ്രകാരം ഇതേ അളവിൽ പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ ആകെ 6.4 ഘനമീറ്റർ അളവിൽ മാത്രമാണ് കരിങ്കൽകെട്ട് പൊളിച്ചെടുത്തത്. ഈ ഇനത്തിന 10544 രൂപ അധികം നൽകിയത് തിരിച്ചടക്കേണ്ടതാണ്.

2. എസ്റ്റിമേറ്റിലെ ഇനം ഇ -3 വാട്ടർടാങ്ക് വെക്കുന്നതിന സ്റ്റീൽ ഫ്രെയ്മിൽ പ്ലാറ്റ്ഫോം നിർമ്മിക്കലാണ്. 10.25.2 നമ്പർ ഡാറ്റ പ്രകാരമുള്ള നിരക്കിലാണ് തുക അനുവദിച്ച് നൽകിയത്. പെയ്ന്റിംഗ് നടത്താത്തിനാൽ പ്ലാറ്റ്ഫോമിന്റെ കാലുകൾ ഒഴികെയുള്ള ഭാഗം തുരുമ്പെടുത്ത് ദ്രവിച്ചിട്ടുണ്ട്. ഈ ഡാറ്റയിൽ സ്റ്റീൽ വർക്കുകളിൽ പ്രൈമിംഗ് കോട്ട് പെയ്ന്റിംഗിനുള്ള തുക കൂടി ഉൾപ്പെടുന്നുമുണ്ട്. 5000 ലിറ്റർ വീതം സംഭരണശേഷിയുള്ള 2 ടാങ്കുകൾ ഈ പ്ലാറ്റ് ഫോമിന മുകളിൽ ഉണ്ട്. അതിനാൽ സ്വന്തം ചെലവിൽ സാന്റ് പേപ്പറിട്ട് മിനുസപ്പെടുത്തി പ്രൈമിംഗ് കോട്ട് ചെയ്ത് റിപ്പോർട്ട് നൽകുകയോ അല്ലെങ്കിൽ പ്ലാറ്റ്ഫോം നിർമ്മിതിക്ക് നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 20/31.1.2020(2020-21) – ക്ക് മറുപടി ലഭ്യമായിട്ടില്ല.

## 1-27 നികുതിനൽകുന്നതിന് വകയിരുത്തിയ പണം കുറവാക്കാതെ കൺവീനർക്ക് നൽകി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് വാറ്റുൾപ്പെടെയുള്ള നികുതികൾ അടവാക്കുന്നതിനാണ് എന്ന് ഇതുസംബന്ധിച്ച സർക്കാർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടതില്ലാത്തതിനാൽ ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ അടക്കേണ്ടി വരുന്നുള്ളൂ. അതിനാൽ തന്നെ വാറ്റ് അടവാക്കുന്നതിന് അനുവദിക്കപ്പെട്ട പണം ഗുണഭോക്തൃ കമ്മിറ്റിക്ക് അധികമായി ലഭിക്കുന്നുണ്ട്. ഗുണഭോക്തൃസമിതികൾ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നവയായതിനാൽ ഇത്തരത്തിൽ അധികമായി വരുന്ന തുക അനുവദിക്കേണ്ടതില്ല

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടതില്ലാത്തതിനാലും 131. 06 Cost Index അനുവദിച്ച് നൽകിയ

പ്രവൃത്തികളിൽ GST അടവാക്കുന്നതിനു 12 % തുക കൂടുതലായി എസ്റ്റിമേറ്റിനോടൊപ്പം അനുവദിച്ച് നൽകുന്നതിനാലും താഴെ പറയുന്ന പ്രവൃത്തിയിൽ ഗുണഭോക്തൃ സമിതിക്ക് അധികം തുക നൽകിയിട്ടുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് ഫൈനൽ ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റിൽ 7.5 % ഓവർഹെഡ് ചാർജ്ജ് അനുവദിച്ച പ്രവൃത്തികളിൽ 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 ലെ ഡി.ബി3-9058/17 /സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെപറയുന്ന പ്രവൃത്തിയിൽ കൺവീനറിൽ നിന്ന് ആദായ നികുതി , നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ ഈടാക്കിയിട്ടുള്ളൂ. ബാക്കി മുഴവൻതുകയും കൺവീനർക്ക് അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. കൺവീനറിൽനിന്ന് GST TDS ചെയ്തിട്ടുണ്ടെങ്കിലും GST അടവാക്കുന്നതിനു 12 % തുക അധികമായി പ്രത്യേകം അനുവദിച്ച് നൽകിയിട്ടുമുണ്ട്.

| പ്രവൃത്തി ,അടങ്കൽ, കരാർ | മൂല്യ നിർണ്ണയതുക | തിരികെ ഈടാക്കേണ്ട തുക (5%) | കുറിപ്പ് |
|---|---|---|---|
| സിഎച്ച്സി ചുങ്കത്തറ അടിസ്ഥാന സൗകര്യം ഒരുക്കൽ (115/21), 821989,<br>കൺവീനർ -ഡോക്ടർ ചാചി.പി.എ, മെഡിക്കൽ ഓഫീസർ<br>കരാർ - 1/7.9.2019 | Total Value- 714343<br>GST - 85721<br>Total 800064<br>Dedut- IT - 14288<br>Kcwwf- 7143<br>Gst Tds - 14288<br>Convenor- 764345 | 35717 | എം ബുക്ക് - 24/19-20,49 /19-20<br>ബിൽ നമ്പർ 114270/28.4.20 - 425897 ബിൽ നമ്പർ 1009657/29.1.21 – 374167 |
| | TOTAL | 35717 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 1/28.1.2020(2020-21) ക്ക് മറുപടി ലഭ്യമായിട്ടില്ല. 35717 രൂപ ഈടാക്കേണ്ടതാണ്.

## 1-28 പരസ്യ ചാർജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല.

2020-21 വർഷത്തിൽ താഴെ പറയും പ്രകാരം വിവിധ പരസ്യങ്ങൾ മാതൃഭൂമി ദിനപത്രം മുഖേന നൽകിയതിന് തനത്ഫണ്ടിൽ നിന്നും സെക്രട്ടറി മുഖേന തുക നൽകിയിട്ടുണ്ട്.

| ക്രമനം. | ചെക്ക്നം./തീയ്യതി | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | 2065852/7.10.2020<br>(ജനറൽ പർപ്പസ് ഫണ്ട്) | 6426 | ആർ. ഒ. നം.321000119653/31.01.20 |
| 2 | 2065868/19.11.2020<br>(ജനറൽ പർപ്പസ് ഫണ്ട്) | 14,490 | ആർ. ഒ. നം.321000038265/16.09.20(6426 രൂപ )<br>ആർ. ഒ. നം.321000002322/08.04.20(8064 രൂപ ) |
| 3 | ബിൽ നം. 25/20-21 /27.11.2020 | 14,994 | പ്രോജക്റ്റ് നം. 2/21 പദ്ധതി ആസൂത്രണം ,നിർവ്വഹണം ,മോണിറ്ററിംഗ് പദ്ധതി പ്രകാരം വിവിധ ടെണ്ടർ പരസ്യങ്ങൾക്ക് മാതൃഭൂമി ദിനപത്രത്തിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക<br>ആർ. ഒ. നം.321000046467/15.10.20(6426 |

| | | | |
|---|---|---|---|
| | | | രൂപ )<br>ആർ. ഒ. നം.321000051171/16.03.20(8568 രൂപ ) |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി തീ.4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൌണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി ബില്ലുകൾ പ്രകാരം നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കറവ് ചെയ്യാതെ മാധ്യമ സ്ഥാപനം സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ച് നൽകുകയാണുണ്ടായത്.അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതും,നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.16/2020-21 /31.01.22)

## 1-29 പി എം എ വൈ ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

പി എം എ വൈ ഭവനപദ്ധതി പ്രകാരം 2016-17 വർഷത്തിൽ ഭവന നിർമ്മാണത്തിന് അനുമതി നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനങ്ങൾ നാളിതു വരെയും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഉണ്ണികൃഷ്ണൻ , എഴുത്തച്ഛൻ വീട് , എരഞ്ഞിമങ്ങാട് ( പി ഒ) | 1,20,000 |
| 2 | കാളി പൂവ്വൻ ,ആനപ്പാറ കോളനി എരഞ്ഞിമങ്ങാട് ( പി ഒ) | 48,000 |
| 3 | കല്ല്യാണി D/o വേലായുധൻ,കുറ്റിനാട്ടിൽ,കമ്പളക്കല്ല് (പി ഒ) | 1,30,000 |
| 4 | കുഞ്ഞാമിന പെരുഞ്ചീരി വീട്, വള്ളിക്കാട്,വഴിക്കടവ് | 48,000 |

വിവിധ ഗഡുക്കൾ കൈപ്പറ്റിയ ശേഷം നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന് കാരണം വ്യക്തമല്ല. തുടർനടപടി വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ 31.03.2021 ന് പി എം എ വൈയുടെ എസ് എം ജി ബി - എസ് ജി എസ് വൈ ഇൻഫ്രാസ്ട്രക്ച്ചർ അക്കൗണ്ടിൽ തുടർന്നും 15,14,221 രൂപ വിനിയോഗിക്കുവാൻ ബാക്കിയുണ്ട്.ആയതിന്റെ തദ്ദേശ ഭരണസ്ഥാപനം തിരിച്ച് വിഹിതം ചെലവഴിക്കുവാൻ ബാക്കിയുള്ളതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം . 19/2020-21/31.01.2020 )

## 1-30 സംസാര കേൾവി ചികിത്സാ കേന്ദ്രം ഉൽഘാടനം - അധിക തുക ചെലവഴിച്ചു.

28.12,2015 ലെ സ.ഉ (സാധാ)നം. 3866/2015/ തസ്വഭവ തി. 28.12.2015 പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചെലവുകൾക്ക് തനത്ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന തുക പരമാവധി 25,000 രൂപയും അല്ലാതെയുള്ള ഉദ്ഘാടന ചെലവുകൾക്ക് തനത്ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന തുക 10,000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സംസാര കേൾവി ചികിത്സാ കേന്ദ്രം 10.07.2020 ന് വീഡിയോ കോൺഫറൻസ് മുഖേന ബഹു. വയനാട് ലോകസഭമണ്ഡലം എം പി ശ്രീ. രാഹുൽഗാന്ധി ഉൽഘാടനം ചെയ്ത ഇനത്തിൽ ഉൽഘാടനത്തിന് ചെക്ക് നം 2065826/06.08.2020 പ്രകാരം 20,000 രൂപ ചെലവഴിച്ചിട്ടുണ്ട്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (ഓഡിറ്റ് എൻക്വയറി നം. 18/2020-21/31.01.2022)മറുപടി ലഭ്യമാക്കിയില്ല. അധിക തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

## 1-31 ശാന്തിഗ്രാമം പാലം - തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

ശാന്തിഗ്രാമം പാലം - തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 12/21 (സ്പിൽ ഓവർ)

ശാന്തിഗ്രാമം പാലം

അടങ്കൽ തുക – 8,26,000 രൂപ

വിനിയോഗിച്ച തുക – 8,26,000 രൂപ (പ്ലാൻ -ജനറൽ)

ബിൽ നം. 2/20-21/20.04.2020 – 8,26,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ ശാന്തി ഗ്രാമിലുള്ള നിലവിലുള്ള പാലം 2019 ലെ പ്രളയത്തിൽ ഒഴുകി പോയതിനാൽ ,ബഹു.വയനാട് എം പി ശ്രീ.രാഹുൽഗാന്ധിയുടെ എം പി ഫണ്ടിൽ നിന്നും 70,00,000 രൂപ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പുതിയപാലം പുനർനിർമ്മാണത്തിന് വേണ്ടി തൃശ്ശൂർ ഗവ.എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം മുഖേന സോയിൽടെസ്റ്റ് നടത്തി സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിനായി തുക നൽകുന്നതാണ് പ്രോജക്റ്റ്. പദ്ധതി വേഗത്തിലാക്കുന്നതിന്റെ ഭാഗമായാണ് പ്ലാൻഫണ്ടിൽ നിന്നും ഈ ആവശ്യത്തിലേക്കായി തുക ചെലവഴിച്ചിട്ടുള്ളത് എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1) ഫയൽ പ്രകാരം ബഹു.വയനാട് എം പി ശ്രീ.രാഹുൽഗാന്ധിയുടെ എം പി ഫണ്ടിൽ നിന്നും 70 ലക്ഷം രൂപ ലഭ്യമായതിന്റെ വിവരം.

2) തൃശ്ശൂർ ഗവ.എഞ്ചിനീയറിംഗ് കോളേജുമായി സോയിൽടെസ്റ്റ് നടത്തി സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിനായി ഉടമ്പടി ഒപ്പുവെച്ചതിന്റെ വിവരം.

3)തൃശ്ശൂർ ഗവ.എഞ്ചിനീയറിംഗ് കോളേജ് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം

4)നിലവിലെ പാലത്തിന്റെ അവസ്ഥ.

(ഓഡിറ്റ് എൻക്വയറി നം. 13/01.02.2022)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നികുതിനൽകുന്നതിന് വകയിരുത്തിയ പണം കുറവാക്കാതെ കൺവീനർക്ക് നൽകി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് വാറ്റുൾപ്പെടെയുള്ള നികുതികൾ അടവാക്കുന്നതിനാണ് എന്ന് ഇതുസംബന്ധിച്ച 16.03.2018 ലെ ഡി.ബി.3-9058/17 /സീ.ഇ/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ അടക്കേണ്ടി വരുന്നുള്ളൂ. അതിനാൽ തന്നെ വാറ്റ് നികുതി അടവാക്കുന്നതിന് അനുവദിക്കപ്പെട്ട പണം ഗുണഭോക്തൃ കമ്മിറ്റിക്ക് അധികമായി ലഭിക്കുന്നുണ്ട്. ഗുണഭോക്തൃസമിതികൾ ലഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നവയായതിനാൽ ഇത്തരത്തിൽ അധികമായി വരുന്ന തുക അനുവദിക്കേണ്ടതില്ല

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാലും 131. 06 Cost Index അനുവദിച്ച് നൽകിയ പ്രവൃത്തികളിൽ GST അടവാക്കുന്നതിനു 12 % തുക കൂടുതലായി എസ്റ്റിമേറ്റിനോടൊപ്പം അനുവദിച്ച് നൽകുന്നതിനാലും താഴെ പറയുന്ന പ്രവൃത്തിയിൽ ഗുണഭോക്തൃ സമിതിക്ക് അധികം തുക നൽകിയിട്ടുണ്ട്. ഗുണഭോക്തൃ സമിതികൾക്ക് ഫൈനൽ ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റിൽ 7.5 % ഓവർഹെഡ് ചാർജ്ജ് അനുവദിച്ച പ്രവൃത്തികളിൽ 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 ലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെപറയുന്ന പ്രവൃത്തിയിൽ കൺവീനറിൽ നിന്ന് ആദായ നികുതി , നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ ഈടാക്കിയിട്ടുള്ളൂ. ബാക്കി മുഴുവൻതുകയും കൺവീനർക്ക് അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. കൺവീനറിൽനിന്ന് GST TDS ചെയ്തിട്ടുണ്ടെങ്കിലും GST അടവാക്കുന്നതിനു 12 % തുക അധികമായി പ്രത്യേകം അനുവദിച്ച് നൽകിയിട്ടുമുണ്ട്.

| പ്രവൃത്തി ,അടങ്കൽ, കരാർ | മൂല്യ നിർണ്ണയതുക | തിരികെ ഈടാക്കേണ്ട തുക (5%) | കുറിപ്പ് |
|---|---|---|---|
| സിഎച്ച്സി ചുങ്കത്തറ അടിസ്ഥാന സൗകര്യം | Total Value-714343 | 35717 | എം ബുക്ക് - 24/19-20,49 /19-20 |

| | | | |
|---|---|---|---|
| ഒരുക്കൽ (115/21), 821989, കൺവീനർ -ഡോക്ടർ ചാചി. മെഡിക്കൽ ഓഫീസർ<br>കരാർ - 1/7.9.2019 | GST - 85721<br>Total 800064<br>Dedut- IT - 14288<br>Kcwwf- 7143<br>Gst Tds - 14288<br>Convenor- 764345 | | ബിൽ നമ്പർ 114270/28.4.20 - 425897 ബിൽ നമ്പർ 1009657/29.1.21 – 374167 |
| | TOTAL | 35717 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 1/28.1.2020(2020-21) ക്ക് മറുപടി ലഭ്യമായിട്ടില്ല. 35717 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

### 3-2 തെറ്റായ മൂല്യ നിർണ്ണയം നടത്തി പണം നൽകി.

നിലമ്പൂർ ബ്ലോക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ കോടാലിപ്പൊയിൽ എസ്സി കോളനി കുടിവെള്ള പദ്ധതി (പ്രൊജക്റ്റ് നമ്പർ 149/20-21) ഓഡിറ്റ് ടീം അസിസ്റ്റന്റ് എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയപ്പോൾ എസ്റ്റിമേറ്റ്, അളവ് പുസ്തകം എന്നിവയിലെ അളവുകളിൽനിന്ന് താഴെ പറയുന്ന വ്യത്യാസങ്ങൾ സൈറ്റിൽ കണ്ടു. (പ്രൊജക്റ്റ് അടങ്കൽ 493326 രൂപ – എസ്.സി.പി. ഫണ്ട്).

1. എസ്റ്റിമേറ്റിലെ ഇനം 2-1 പ്രകാരം 3 X 3 X 1.6 മീറ്റർ അളവുകളിലുള്ള കരിങ്കൽകെട്ട് (ആകെ 14.4 ഘനമീറ്റർ) പൊളിച്ച് അടുക്കലാണ്. അളവ്പുസ്തകം 43/19-20 പ്രകാരം ഇതേ അളവിൽ പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ ഭാഗികമായി പൊട്ടി പിളർന്ന് നിൽക്കുന്ന കോണക്രീറ്റ് സ്ലാബിനു ചുവട്ടിൽ 3 വശങ്ങളിലെ കരിങ്കൽ പൊളിച്ച് മാറ്റിയതായും ഒരു വശത്തെ കരിങ്കല്ലുകളും മധ്യത്തിലുള്ള മണ്ണും നീക്കാതെ കോൺക്രീറ്റ് സ്ലാബ് അതിനു മുകളിൽ കിടക്കുന്നതായും കണ്ടു. സ്ഥല പരിശോധനയിൽ കണ്ട യഥാർത്ഥത്തിൽ ചെയ്ത അളവ് താഴെ ചേർക്കുന്നു.

2.2 X .5 X 1.6 X 2 = 3.52 ഘനമീറ്റർ

3.6 X .5 X 1.6 X 1 = 2.88 ഘനമീറ്റർ , ആകെ 6.4 ഘനമീറ്റർ

അളവ് പുസ്തകം നമ്പർ43/19-20 പ്രകാരം 14.4 ഘനമീറ്റർ പ്രവൃത്തി ചെയ്തതിനു 1318.07 രൂപ നിരക്കിൽ 18980 രൂപ നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 726518/25.10.2021 ) ആകെ നൽകാവുന്നത് 6.4 X 1318.07 = 8435.64 രൂപയാണ് . അധികം നൽകിയ 10544 രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 20/31.1.2020(2020-21) – ക്ക് മറുപടി ലഭ്യമായിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 24.01.2022 മുതൽ 25.01.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേരും നമ്പറും | ചെലവഴിച്ച തുക (രൂപ) | നീക്കിയിരിപ്പ് |
|---|---|---|---|---|
| ചുങ്കത്തറ | 70000 | പ്രോജക്റ്റ് നം. 165/21- പി.എം.എ.വൈ | 70000 | 0 |

| | | | | |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | | ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ ധനസഹായം | | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

ഇല്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 33 | 2004-05 | 33 | രേഖകൾ ലഭ്യമാക്കാത്തത് | എൽ.എഫ്.എ.സി.(11-16 )-3-ാമത് റിപ്പോർട്ട് പ്രകാരം പരിശോധനാകുറിപ്പ് നൽകി |
| 2005-06 | 3(1) | 2007-08 | 3(1) | മുൻകൂർ നൽകി പ്രവൃത്തി പൂർത്തീകരിച്ചില്ല | 4/14-ൽ പ്രാദേശിക പരിശോധന നടത്തി തുക അടവാക്കി |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 106683262 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 100824967 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 46261 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 467155 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 0 | 35717 | ശ്രീമതി. നീതു കൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 0 | 10544 | ശ്രീമതി. നീതു കൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| ആകെ | 0 | 46261 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 68119 | ശ്രീമതി.അർച്ചന.വി.എസ്, സി.ഡി.പി.ഒ |
| 1-23 | 3,46,403 | ശ്രീമതി.അർച്ചന.വി.എസ്, സി.ഡി.പി.ഒ |
| 1-24 | 52633 | ശ്രീമതി.അർച്ചന.വി.എസ്, സി.ഡി.പി.ഒ |
| ആകെ | 467155 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. നീതു കൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.ഐ.ഡി & ഇ.ഡബ്ല്യൂ, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | ദിയശ്രീ, പുൻകുളം, വെള്ളായണി (പി.ഒ), തിരുവനന്തപുരം- 695522 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 1999-2000 | എൽ.എഫ്.എം.4/1797/2003/23-11-2004 | 6 |
| 2001-02 | എൽ.എഫ്.എം.4/1459/14(3) തി.08.12.2014 | 8 |
| 2003-04 | എൽ.എഫ്.എം.4/1459/14(5) തി.08.12.2014 | 10 |
| 2004-05 | എൽ.എഫ്.എം.4/1459/14(6) തി.08.12.2014 | 2 |
| 2005-06 | എൽ.എഫ്.എം.4/1459/14(7) തി.08.12.2014 | 4 |
| 2006-07 | എൽ.എഫ്.എം.4/1459/14(8) തി.08.12.2014 | 6 |
| 2007-08 | എൽ.എഫ്.എം.4/1459/14(9) തി.08.12.2014 | 43 |
| 2008-09 | എൽ.എഫ്.എം.4/1459/14(10) തി.08.12.2014 | 10 |
| 2009-10 | എൽ.എഫ്.എം.4/1459/14(11) തി.08.12.2014 | 14 |
| 2010-11 | എൽ.എഫ്.എം.4/2488/11 തി.05.01.2011 | 14 |
| 2011-12<br>2012-13 | എൽ.എഫ്.എം.4/230/14 തി.29.10.2014 | 19 |
| 2013-14 | എൽ.എഫ്.എം.4/2458/14 തി.04.11.2014 | 4 |
| 2014-15 | എൽ.എഫ്.എം.4/2507/15 തി.13.11.2015 | 6 |
| 2015-16 | കെ.എസ്.എ.എം.പി.എം4/518/17 തി,30.032017 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം4/2483/17 തി.30.11.2017 | 13 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.എം.പി.എം4/2820/18 തീ.24.01.2018 | 15 |
| 2018-19 | കെ.എസ്.എ.എം.പി.എം.4/16/2020 തീ.06.02.2020 | 13 |
| 2019-20 | കെ.എസ്.എ.എം.പി.എം.4/312 /2022/18-02-2022 | 22 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്